STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.511/PR/SPMC/PHQ/2026 Date:24.10.2026

പത്രക്കുറിപ്പ്

എന്റെ പോലീസ് സ്റ്റേഷൻ:
102.49 ടൺ മാലിന്യം നീക്കി

5115 വാഹനങ്ങൾ മാറ്റി

സംസ്ഥാനത്തെ പൊലീസ് സ്റ്റേഷൻ വളപ്പിലും സമീപത്തും വർഷങ്ങളായി കെട്ടിക്കിടന്നിരുന്ന ഉപയോഗശൂന്യമായ വസ്തുക്കൾക്കും മാലിന്യത്തിനും വാഹനങ്ങൾക്കും ശാപമോക്ഷമാകുന്നു. കേരള പോലീസ് പുതുതായി നടപ്പാക്കുന്ന 'എന്റെ പോലീസ് സ്റ്റേഷൻ' പദ്ധതിയുടെ ഭാഗമായിട്ടാണ് പോലീസ് സ്റ്റേഷൻ പരിസരങ്ങൾ വൃത്തിയാകുന്നത്. 102.49 ടൺ മാലിന്യവും 5115 വാഹനങ്ങളുമാണ് ഇത്തരത്തിൽ നീക്കം ചെയ്തത്.

പൊതുജനങ്ങൾക്കും പരാതിക്കാർക്കും ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സേവനകേന്ദ്രങ്ങളാക്കി പൊലീസ് സ്റ്റേഷനുകളെ മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി ആഭ്യന്തര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് എന്റെ പോലീസ് സ്റ്റേഷൻ (My Police Station). പൗരന്റെ അന്തസിനെ പൂർണ്ണമായും മാനിച്ചുകൊണ്ട് പൊലീസ് സ്റ്റേഷനിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാര്യക്ഷമമായി ലഭിക്കുന്നുണ്ടെന്ന് ഇതിലൂടെ ഉറപ്പുവരുത്തും. ഈ പദ്ധതിയിലൂടെ കേരളത്തിലെ പൊലീസ് സംവിധാനത്തെ ജനങ്ങളുടെ

സ്വന്തം സംവിധാനമാക്കിമാറ്റുകയും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യും. പോലീസ് സ്റ്റേഷനുകളുടെ കാഴ്ചയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനും വൃത്തിയുള്ളതും ചിട്ടയായതും ജനസൗഹൃദപരവുമായ ഒരു പരിസരം ഒരുക്കുന്നതിനും പദ്ധതിയിൽ പ്രത്യേക ശ്രദ്ധനൽകിയിട്ടുണ്ട്.

ഏറ്റവും കൂടുതൽ മാലിന്യം നീക്കം ചെയ്തത് കോഴിക്കോട് സിറ്റിയിൽ നിന്നാണ്, 12,121 കി.ഗ്രാം. രണ്ടാം സ്ഥാനത്ത് എറണാകുളം റൂറൽ ജില്ലയാണ്, 11,001.49 കി.ഗ്രാം. മൂന്നാം സംസ്ഥാനത്തായി തൃശ്ശൂർ സിറ്റിയാണ്, 10901 കി.ഗ്രാം. ഏറ്റവും കൂടുതൽ വാഹനങ്ങൾ നീക്കം ചെയ്തത് എറണാകുളം റൂറൽ ജില്ലയിൽ നിന്നാണ്, 563 എണ്ണം. രണ്ടാം സ്ഥാനത്ത് പാലക്കാട് ജില്ലയാണ്, 525 എണ്ണം. മൂന്നാം സ്ഥാനത്തായി കൊല്ലം സിറ്റിയാണ്, 521 എണ്ണം.

സ്റ്റേഷൻ പരിസരത്ത് കെട്ടിക്കിടന്ന മാലിന്യം, വാഹനങ്ങൾ എന്നിവ 'സ്പേസ് ' (Scrap Processing for Area Cleanup and Enhancement- SPACE) എന്ന പദ്ധതി പ്രകാരമാണ് നീക്കം ചെയ്തത്. കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡിന്റെ (കെ.പി.എച്ച്.സി.സി.) നേതൃത്വത്തിൽ കേന്ദ്ര പൊതുമേഖല സ്ഥാപനമായ സീറോ (CERO) യുടെ സഹകരണത്തോടെയാണ് 'റീക്ലെയിം, റി ന്യൂ, റിവൈവ് ' എന്ന ടാഗ് ലൈനിലുള്ള പദ്ധതി നടപ്പാക്കിയത്. സംസ്ഥാന പോലീസ് മേധാവി ചെയർമാനും കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ അംഗവുമായ സമിതിയാണ് പദ്ധതിക്ക് നേതൃത്വം നൽകിയത്.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ ഉപയോഗശൂന്യമായ വസ്തുക്കളും മാലിന്യവും വാഹനങ്ങളും നീക്കം ചെയ്യുന്ന പദ്ധതി തുടരുമെന്ന് ക്രമസമാധാന പരിപാലന വിഭാഗം എ.ഡി.ജി.പി പി.വിജയൻ അറിയിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****